**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ കേന്ദ്രമായി ആയുർവേദ സർവകലാശാല സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കോട്ടക്കലിൽ ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ ആയുഷ് മിഷൻ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നാഷണൽ ആയുഷ് മിഷന്റെ സ്കീമുകളിൽ സർവകലാശാല സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെട്ടിട്ടില്ല എന്ന മറുപടി സ്ഥലം എം.എൽ.എ-യെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിന്മേൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയുടെ റിപ്പോർട്ട് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) | ഉണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ആയുർവ്വേദ സർവകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകിയാൽ സർവ്വകലാശാല ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രാലയത്തിന്റെ അറിയിപ്പൊന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ഇ) | കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഈ വിഷയം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ